ഉത്തരം

(എ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല. സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾ മാത്രമേ 10,000 രൂപ വീതം സംഭാവന നല്കുവാൻ ഉത്തരവ് നല്കിയിട്ടുള്ളു.

(സി) 5,000 രൂപ വീതം നൽകിക്കൊണ്ട് സംഘത്തിൽ അംഗങ്ങളായി ചേരുന്നതിന് എല്ലാ പഞ്ചായത്തുകൾക്കും അനുവാദം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) മേൽപ്പറഞ്ഞ ഫണ്ട് വിനിയോഗങ്ങളെല്ലാം ഗവൺമെൻറ് ഉത്തരവ് അനുസരിച്ചാണ് ചെയ്തിട്ടുള്ളത്.

പഞ്ചായത്തുകൾക്ക് 1986-87-ൽ അനുവദിച്ച ഗ്രാൻറ്

1569. [2337] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ഏതെങ്കിലും ഗ്രാൻറുകൾ വിതരണം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇങ്ങനെ ഗ്രാൻറ് ലഭിച്ച പഞ്ചായത്തുകളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാൻറ് അനുവദിച്ചതിൻെറ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധമായി കൊടുത്തിട്ടുണ്ട്. † പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി വരുന്നു.

പഞ്ചായത്തുകൾക്ക് അനുവദിച്ച സ്പെഷ്യൽ ഗ്രാൻറ്

1570. [2338] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1985-86, 1986-87 എന്നീ വർഷങ്ങളിൽ പഞ്ചായത്തുകൾക്ക് അനുവദിച്ച സ്പെഷ്യൽ ഗ്രാൻറിൻെറ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

1985-86-ൽ നൽകിയ സ്പെഷ്യൽ ഗ്രാൻറിൻെറ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്. ‡

1986-87-ൽ സ്പെഷ്യൽ ഗ്രാൻറ് ഇതുവരെ നല്കിയിട്ടില്ല.

കരകുളം പഞ്ചായത്തിന് 1985-86-ൽ അനുവദിച്ച മൊത്തം ഗ്രാൻറ്

1571. [2339] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) നെടുമങ്ങാട് മണ്ഡലത്തിലെ കരകുളം പഞ്ചായത്തിന് 1985-86 സാമ്പത്തിക വർഷത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി അനുവദിച്ച മൊത്തം ഗ്രാൻറ് എത്ര ;

(ബി) ഏതെല്ലാം ഇനങ്ങളിൽ എത്ര രൂപ വീതം ഇതുവരെ ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

† അനുബന്ധം VI

‡ അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2337 കാണുക)

(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)
ഗ്രാന്റ് ഇനം	തിരുവനന്തപുരം	കൊല്ലം	പത്തനംതിട്ട	ആലപ്പുഴ	കോട്ടയം	ഇടുക്കി	എറണാകുളം	തൃശ്ശൂർ
1. സ്മശാനങ്ങൾ തുറക്കുന്നതിനും മരാമത്ത് പണികൾക്കും	10,000	10,000	5,000	10,000	5,000	10,000	5,000	5,000
2. ഓടകളുടെയും ലാട്രിനുകളുടെയും നിർമ്മാണത്തിന്	..	..	10,000	..	10,000	5,000	..	..
3. കാപ്പൺ എയർ തിയേറ്റർ നിർമ്മിക്കുന്നതിന്	..	..	ഇല്ല	..	—	ഇല്ല	ഇല്ല	ഇല്ല
4. കളിസ്ഥലങ്ങൾക്ക് സ്ഥലം അക്വയർ ചെയ്യുന്നതിന്	17,500	8,750	8,750	8,750	8,750	8,750	8,750	17,500
5. പ്ലേഗ്രൗണ്ട് ഗ്രാന്റ്	10,000	ഇല്ല	10,000	35,000	40,000	25,000	10,000	5,000
6. മൈനർ ഇറിഗേഷൻ ഗ്രാന്റ്	4,02,627	4,15,951	1,93,376	5,72,949	1,45,540	3,26,315	57,706	6,13,551
7. കടത്തുകാർക്ക് ശമ്പളവും അലവൻസും നൽകുന്നതിനുള്ള ഗ്രാന്റ്	3,485	46,372	9,172	13,746	6,554	ഇല്ല	ഇല്ല	ഇല്ല
8. ബേസിക് ടാക്സ്	ഇല്ല	8,04,699	5,91,466	ഇല്ല	ഇല്ല	ഇല്ല	37,70,612	ഇല്ല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(10)	(11)	(12)	(13)	(14)	(15)
പാലക്കാട്	മലപ്പുറം	കോഴിക്കോട്	വയനാട്	കണ്ണൂർ	കാസർഗോഡ്
10,000	5,000	5,000	5,000	5,000	10,000
..	..	..	..	..	..
..	10,000	10,000	10,000	10,000	1,000
17,500	17,500	8,750	8,750	17,500	17,500
75,000	85,000	10,000	15,000	25,000	10,000
1,11,293	1,60,566	69,801	30,401	1,13,057	86,043
ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
ഇല്ല	ഇല്ല	ഇല്ല	33,39,763	43,67,613	30,50,504